# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## സംവാദത്തിലൂടെ പ്രതിസന്ധി ഒഴിവാക്കാം സ്നേഹക്കൂട്ടായ്മ വളർത്താം



ദിവ്യകാരുണ്യഭക്തിയിൽ യുവജനങ്ങളെ പരിപോഷിപ്പിക്കുന്ന ആഗോളസംഘടനയാണ് Eucharistic Youth Movement യുവജനങ്ങളുടെ ആഗോള ദിവ്യകാരുണ്യ പ്രസ്ഥാനം. ആഗസ്റ്റ് 8-ാം തീയതി മൂവായിരിത്തോളം യുവജനദിവ്യകാരുണ്യപ്രേഷിതർ വത്തിക്കാനിൽ പാപ്പാ ഫ്രാൻസിസിനോടൊപ്പം സംഗമിച്ചു.

17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈശോസഭാവൈദികരാണ് (The Society of Jesus)െ യുവജനങ്ങളുടെ ആഗോളദിവ്യകാരുണ്യപ്രസ്ഥനത്തിന് തുടക്കം കുറിച്ചത്. സഭയുടെ അംഗീകാരവും അനുമതിയുമുള്ള സംഘടനയായി 12-ാം പിയൂസ് പാപ്പായുടെ കാലത്ത് ഇതിന് ഈ സംഘടന പ്രചുരപ്രചാരം സിദ്ധിച്ചു. അങ്ങനെ ഇന്ന് ഇന്ത്യ ഉൾപ്പെടെ ലോകത്തിലെ 55 രാജ്യങ്ങളിൽ പ്രവർത്തനബദ്ധമായ ആഗോള യുവജനപ്രസ്ഥാനമായി വളർന്നിരിക്കുന്നു. ചില കാലഘട്ടങ്ങളിൽ സംഘടനാപരമായ പ്രശ്നങ്ങൾ പിന്നോക്കവസ്ഥ സ്വാഭാവികമായി അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും ഈശോസഭയുടെ പ്രത്യേകസംരക്ഷണയിൽ ഇന്നും ആഗോളസഭയിൽ വളർന്നുവരുന്ന യുവജനപ്രസ്ഥാനമാണ് The Society of Jesus യുവജനങ്ങളുടെ ദിവ്യകാരുണ്യ കൂട്ടായ്മ.

2012-ൽ അർജന്റീനയിലെ ബ്യൂനസ് ഐരസ് അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന ആഗോളസംഗമത്തിനുശേഷം 2015 ആഗസ്റ്റ് 8-ാം തീയതി വെള്ളിയാഴ്ച രാവിലെ ഏകദേശം 3000-ത്തോളം യുവജനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പാപ്പാ ഫ്രാൻസിസിന്റെ ക്ഷണപ്രകാരം വത്തിക്കാനിൽ സമ്മേളിക്കുകയുണ്ടായി. പോൾ ആറാമൻഹാളിൽ സമ്മേളിച്ച ദിവ്യകാരുണ്യഭക്തരായ യുവജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടാണ് പാപ്പാ അവരെ അബിസംബോധനചെയ്തത്.

യുവജനങ്ങളുടെ ചോദ്യത്തിൽ ഉയർന്നു വന്ന മാനസികപിരിമുറുക്കം, സംഘ ർഷം-Tensions and conflicts -ഈ രണ്ടു വാക്കുകൾ കുടുംബജീവിതത്തിലും സമൂഹത്തിലും എപ്പോഴും അനുഭവവേദ്യമാകുന്ന പ്രശ്നങ്ങളാണ്. എന്നാൽ പിരിമുറുക്കവും സംഘർഷവുമില്ലാത്ത കുടുംബങ്ങളെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കുക! അതൊരു ശ്മശാനം അല്ലെങ്കിൽ സിമിത്തേരിപോലെയായിരിക്കും. കാരണം മരിച്ചവർക്ക് പിരിമുറുക്കമോ, സംഘർഷമോ ഒന്നുമില്ല. ജീവിച്ചിരിക്കുന്നവർക്കാണ് അല്ലെങ്കിൽ ജീവനുള്ളവർക്കാണ്

ഇതെല്ലാം അനുഭവപ്പെടുന്നത്. അതുകൊണ്ട് tensions and conflicts, പിരിമുറുക്കങ്ങളും സംഘർഷങ്ങളും ജീവിതത്തിന്റെ ഭാഗമായും ജിവന്റെ അടയാളങ്ങളായും അംഗീകരിക്കണമെന്ന് ആമുഖമായി പാപ്പാ പ്രസ്താവിച്ചു.

പിരിമുറുക്കവും ജീവിതത്തിന്റെ ചെറുതും വലുതുമായ പ്രതിസന്ധികളും പ്രശ്നങ്ങളുമാണ് നമ്മെ വളർത്തുന്നത്. അതിനാൽ അവയെ നേരിടാനും അവയെ മറികടക്കുവാനുമുള്ള കരുത്തു സംമ്പാദിക്കുകയുമാണ് നാം അനുദിനം ചെയ്യേണ്ടത്. ജീവി തപ്രശ്നങ്ങളുടെയും പിരിമുറുക്കങ്ങളുടെയും മുന്നിൽ യുവജനങ്ങൾ ഒരിക്കലും പതറരുത്. മറിച്ച്, കരുത്താർജ്ജിക്കുയാണു വേണ്ടത്. അനുദിനം അവയെ നേരിടാനുള്ള ധൈര്യം സംഭരിക്കുക. ജീവിതത്തിന്റെ പ്രശ്നങ്ങൾ, അവ കുടുംബത്തിൽ നിന്നുള്ളതോ സമൂഹത്തിൽനിന്നുള്ളതോ ആയാലും അവയെ ഭയന്ന് ഭീരുക്കളായി നാം ഒളിച്ചോടുകയാണെങ്കിൽ അത് ജീവിതപരാജയത്തിന് വഴിതെളിക്കും. അങ്ങനെയുള്ള ഒളിച്ചോട്ടം നല്ലപ്രായത്തിൽതന്നെ വിരമിക്കുന്നതിന് തുല്യമാണ്, അതായത് ൂretirement ചോദിച്ചു മേടിക്കുന്നതിനു തുല്യമായിരിക്കുമെന്ന് പാപ്പാ വിശേഷിപ്പിച്ചു.

അങ്ങനെ 20-ാം വയസ്സിൽ റിട്ടയർമെന്റ് എടുക്കുന്നവരുണ്ടെന്ന് പുഞ്ചിരിയോടെ യുവജനങ്ങളെ പാപ്പാ ഓർമ്മിപ്പിച്ചു. ശരിയാണ്, പെൻഷൻപറ്റിയവർക്ക് സ്വസ്ഥമായിരിക്കാം, സൈ്വര്യമായിരിക്കാം. അവർക്ക് ടെൻഷൻ ഒന്നും ഉണ്ടാവില്ല. എന്നാൽ അത് ശരിയായ മാർഗ്ഗമല്ലെന്നും പാപ്പാ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. അത് ഒളിച്ചോട്ടമാണെന്നും. പരാജയത്തിന് അടിയറവുപറച്ചിലാണെന്നും പാപ്പാ പ്രസ്താവിച്ചു.

പിരിമുറുക്കത്തിനും സംഘർഷങ്ങൾക്കുമുള്ള പരിഹാരമാർഗ്ഗം സംവാദം-Dialogue- ആണെന്ന് യുവജനങ്ങളെ പാപ്പാ ഉദ്ബോധിപ്പിച്ചു. ഉദാഹരണത്തിന് കുടുംബജീവതത്തിൽ പിരിമുറുക്കമുണ്ടാകുമ്പോൾ സംവാദം, അല്ലെങ്കിൽ കൂട്ടായ്മയിലുള്ള പങ്കുവയ്ക്കൽ പ്രശ്നപരിഹാരത്തിലേയ്ക്ക് പൂർണ്ണമായല്ലെങ്കിലും ഭാഗികമായ ശമനത്തിലേയ്ക്കും പരിഹാരത്തിലേയ്ക്കും നയിക്കുമെന്നതിൽ സംശയമില്ല. എന്നാൽ പിരിമുറുക്കത്തെ സംഘർഷംകൊണ്ടോ ബലംപിടുത്തംകൊണ്ടോ നേരിടുകയാണെങ്കിൽ അത് കൂടുതൽ വഷളാകുവാനും കുടുംബത്തിൽ കൂടുതൽ മുറിപ്പാടുകൾ ഉണ്ടാക്കുവാനുമാണ് സാദ്ധ്യത. അതിനു കാരണമാക്കുന്ന വ്യക്തിപ്രശ്നങ്ങളുടെയും തിന്മയുടെയും മൂർത്തീഭാവമായി മാറുമെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

ടെൻഷൻ മറികടക്കാൻ പഠിക്കുന്ന വ്യക്തി കൂട്ടായ്മയുടെയും, സമൂഹ്യഭദ്രതയുടെയും പ്രയോക്താവായി മാറും. യഥാർത്ഥത്തിൽ കുടുംബജീവിതത്തിൽ ഉയരുന്ന ചെറുതും വലുതുമായ പ്രതിസന്ധികളെയും പിരിമുറുക്കങ്ങളെയും മറികടക്കുവാനായാൽ കുടുംബത്തിൽ അത് കൂട്ടായ്മ വളർത്തുമെന്നതിൽ സംശയമില്ല. Then the family becomes more harmonious.

അതിനാൽ ആദ്യം നാം പ്രശ്നങ്ങളെയും പിരിമുറുക്കത്തെയും ഭയപ്പെടാതിരിക്കുക. രണ്ടാമതായി, സംവാദത്തിന്റെ പാതയിലൂടെ പിരിമുറുക്കങ്ങൾ പരിഹരിക്കാൻ പരിശ്രമിക്കുക. നമ്മുടെ വ്യക്തിത്വമോ, സ്വഭാവമഹിമയോ ബലികഴിക്കാതെ കുടുംബത്തിലും, കൂട്ടുകാരുടെ ഇടയിലും സമൂഹത്തിലും വളരുവാനും നിലനില്ക്കുവാനുമുള്ള മാർഗ്ഗമാണ് സംവാദം. എന്നാൽ പിരിമുറുക്കങ്ങളിൽ മുങ്ങിപ്പോകാൻ നമ്മെ ഒരിക്കലും അനുവദിക്കരുത്. കാരണം പിരിമുറുക്കം നമ്മെ ശാരീരികമായും തളർത്തുമെന്ന് പാപ്പാ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. പിന്നെയും യുവജനങ്ങളുടെ വിവിധതരത്തിലുള്ളതും വ്യത്യസ്തവിഷയങ്ങളെ സംബന്ധിച്ചതുമായ ചോദ്യങ്ങൾക്ക് ഉത്തരം നല്കിയ പാപ്പാ ഫ്രാൻസിസ്, അവസാനം ദിവ്യകാരുണ്യത്തെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ടാണ് 30 മിനിറ്റോളം നീണ്ട സംവാദവും ചോദ്യോത്തരപരിപാടിയും ഉപസംഹരിച്ചത്.

"ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായ്" ചെയ്യുവിൻ, എന്ന് അന്ത്യത്താഴവേളയിൽ ക്രിസ്തു പറഞ്ഞ വാക്യത്തെ ആധാരമാക്കിയാണ് പാപ്പാ ചിന്തകൾ പങ്കുവച്ചത്. തന്റെ ജീവൻ നമുക്കായി, ലോകരക്ഷയ്ക്കായി സമർപ്പിച്ചതിന്റെ സ്നേഹസ്മരണയാണ് ക്രിസ്തു സ്ഥാപിച്ച പരിശുദ്ധകുർബാനയെന്ന് പാപ്പാ വിശേഷിപ്പിച്ചു. ആർക്കും പറയാനാകും, നല്ല ഓർമ്മകൾ സ്നേഹമുള്ള ഓർമ്മകളാണ്. നമ്മുടെ കാരണവന്മാരുടെ ഓർമ്മകളും, അവർ നമുക്ക് പകർന്നുതന്നിട്ടുള്ള നന്മകളും സ്നേഹസ്മരണകളായി മാറുന്നു. അങ്ങനെയുള്ള സ്മരണയ്ക്ക് ഐശ്വര്യമുണ്ട്, ലാളിത്യമുണ്ട്. അതിനാൽ ക്രിസ്തു പറയുന്ന ഓർമ്മ,

സാംസ്ക്കാരികമോ, ആചാരാനുഷ്ഠാനപരമോ ആയ സ്മരണയല്ല, മറിച്ച് അവിടുന്ന് ജീവിതവും ജീവസമർപ്പണവുംകൊണ്ട് പകർന്നുനല്കിയ രക്ഷാദാനത്തിന്റെ സ്നേഹസ്മരണയാണത്. അങ്ങനെ ക്രിസ്തു ഉച്ചരിക്കുന്ന 'ഓർമ്മ' memory എന്ന പദം ഏറെ മനോഹരമായ വ്യക്തിഗതാനുഭവവും, സ്നേഹപ്രകരണവുമായി മാറുന്നു. അതിനാൽ പരിശുദ്ധകുർബ്ബാനയുടെ അർപ്പണത്തിന്റെ കേന്ദ്രസ്ഥാനത്ത് മെത്രാനെയോ വൈദികനെയോ അല്ല നാം കാണേണ്ടത്. അത് ക്രിസ്തുവാണ്; ക്രിസ്തുവായിരിക്കണം. അങ്ങനെ നാം ഓരോ തവണയും ദിവ്യബലിയിൽ പങ്കുചേരുമ്പോഴും, ദിവ്യസക്രാരിയുടെ മുമ്പിൽ മുട്ടുകുത്തുമ്പോഴും തലകുനിക്കുമ്പോഴും അത് ക്രിസ്തുവിന്റെ മുന്നിൽത്തന്നെയുള്ള പ്രണാമമാണ്, സാഷ്ടാംഗപ്രണാമമാണ്. കാരണം അവിടുന്ന് ഇന്നു നമ്മോടു കല്പിക്കുന്നു "ഇത് സ്നേഹത്തിന്റെ കല്പനയാണ്.... ആകയാൽ, ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ....!" ഇങ്ങനെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് പാപ്പാ പ്രഭാഷണം ഉപസംഹരിച്ചത്.